REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 11-07-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ഓസ്ട്രിയൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി വിയന്നയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിച്ചു.
- കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സാമ്പത്തിക രംഗത്തെ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും.
- രാജ്യത്തെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലവ് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.
- പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് സമാപിക്കും.
- യൂറോകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ട് ഫൈനലിൽ.
- ഹരാരെയിൽ ട്വന്റി-20 ക്രിക്കറ്റ് മൂന്നാം മത്സരത്തിൽ ഇന്ത്യ സിംബാംബ്-വെ യെ 23 റൺസിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**ഓസ്ട്രിയൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി വിയന്നയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിച്ചു. ഓസ്ട്രിയൻ സന്ദർശനം ചരിത്രപരവും ഉൽപ്പാദനക്ഷമവുമായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടയിലെ സൗഹൃദത്തിന് സന്ദർശനത്തോടെ പുതിയ കരുത്ത് ലഭിച്ചതായി സാമൂഹ്യമാധ്യമ കുറിപ്പിൽ നരേന്ദ്ര മോദി വിലയിരുത്തി.**

**ഡെസ്ക്ക് റിപ്പോർട്ട്**

....(വോയ്സ്)......

ഇന്ത്യ- ഓസ്ട്രിയ ബന്ധം ഗവൺമെന്റുകൾ മാത്രം പങ്കാളികളായ ഒന്നല്ലെന്നും, ജന പങ്കാളിത്തമാണ് അതിനെ ശക്തമാക്കുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഓസ്ട്രിയ സന്ദർശനത്തിനിടെ വിയന്നയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഭൂമിശാസ്ത്രപരമായി ഇന്ത്യയും ഓസ്ട്രിയയും രണ്ട് കോണുകളിലാണെങ്കിലും, ഇരു രാജ്യങ്ങൾക്കുമിടയിൽ ഒട്ടേറെ സമാനതകളുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യമാണ് രണ്ടു രാജ്യങ്ങളുടെയും പ്രധാന സവിശേഷത.

സ്വാതന്ത്ര്യം, സമത്വം, ബഹുസ്വരത, നിയമവാഴ്ചയോട് പുലർത്തുന്ന ആദരവ് എന്നിവ ഇന്ത്യയും ഓസ്ട്രിയയും പങ്കുവെക്കുന്നു. രണ്ട് സമൂഹങ്ങളും ബഹുമുഖ സംസ്കാരവും ഭാഷാ വൈവിധ്യവും സ്വന്തമാക്കിയവരാണ്. തിരഞ്ഞെടുപ്പാണ് ഈ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്ന പ്രധാന മാധ്യമം. ഓസ്ട്രിയയിൽ ഏതാനും മാസങ്ങൾക്കകം തിരഞ്ഞെടുപ്പ് വരാനിരിക്കുകയാണ്. ഇന്ത്യ ജനാധിപത്യത്തിന്റെ ഉത്സവം അടുത്തിടെ ആഘോഷിച്ചു. 65 കോടി ആളുകൾ വോട്ട് ചെയ്ത തിരഞ്ഞെടുപ്പിൽ മണിക്കൂറുകൾക്കം ഫലം പ്രഖ്യാപിക്കപ്പെട്ടത് ഇന്ത്യയുടെ തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ശക്തിയാണ് കാണിക്കുന്നതെന്നും നരേന്ദ്ര മോദി വ്യക്തമാക്കി.

✪✪✪

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സാമ്പത്തിക രംഗത്തെ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും. നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി ഉൾപ്പെടെ വിവിധ മേഖലകളിൽ നിന്ന് വിദഗ്ധരും യോഗത്തിൽ പങ്കെടുക്കും.

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 ന് ആരംഭിക്കും, 23 ന് ധനമന്ത്രി നിർമ്മല സീതാരാമൻ മൂന്നാം മോദി ഗവൺമെന്റിന്റെ ആദ്യ ബജറ്റ് ലോക്സഭയിൽ അവതരിപ്പിക്കും.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഈ വർഷം ഫെബ്രുവരിയിലാണ് ഇടക്കാല ബജറ്റ് അവതരിപ്പിച്ചത്.

✪✪✪

ലൈറ്റ് ഹൗസ് ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നത് ലക്ഷ്യമിട്ട് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്ന് ചർച്ച നടക്കും. വിഴിഞ്ഞം ലൈറ്റ് ഹൗസിൽ നടത്തുന്ന ചർച്ചയിൽ കേന്ദ്ര

**സഹമന്ത്രി ശാന്തനു ഠാക്കൂറും പങ്കെടുക്കും. ടൂറിസം വികസനത്തിനായി അടുത്തിടെ വിഴിഞ്ഞം ലൈറ്റ് ഹൗസ് പുനരുദ്ധാരണം നടത്തിയിരുന്നു.**

✪✪✪

**രാജ്യത്തെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലവ് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ IBM മായി ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. പരിവർത്തന സാധ്യതകളും സമൂഹത്തിലെയും സാമ്പത്തിക രംഗത്തെയും അതിന്റെ സ്വാധീനം രണ്ടുദിവസത്തെ കോൺക്ലേവ് ചർച്ച ചെയ്യും.**

**കേരളത്തെ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഹബ്ബാക്കി മാറ്റാനും, സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും കോൺക്ലേവ് ലക്ഷ്യമിടുന്നുണ്ടെന്ന് മന്ത്രി P രാജീവ് കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.**

**മന്ത്രി P രാജീവിനു പുറമെ ചീഫ് സെക്രട്ടറി ഡോ. V വേണു, നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ M.A യൂസഫലി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.**

✪✪✪

**പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് സമാപിക്കും. 2023 ലെ കേരള പൊതു രേഖ ബിൽ സഭയിൽ ഇന്ന് അവതരിപ്പിക്കും. 2024 ലെ കേരള ധന വിനിയോഗ ബില്ലുകളുടെ അവതരണവും ഇന്നുണ്ടാവും. കഴിഞ്ഞ മാസം 10 നാണ് സഭാ സമ്മേളനം ആരംഭിച്ചത്.**

✪✪✪

**വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റൺ നാളെ ആരംഭിക്കും. നാളെ രാവിലെ ആദ്യ കണ്ടെയ്നർ കപ്പൽ 'സാൻ ഫെർണാണ്ടോ'യെ മുഖ്യമന്ത്രി പിണറായി വിജയൻ തുറമുഖത്ത് സ്വീകരിക്കും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിൽ മുഖ്യാതിഥിയാകും.**

**ഇന്നലെ രാത്രി വിഴിഞ്ഞം പുറംകടലിലെത്തിയ സാൻ ഫെർണാണ്ടോ കപ്പൽ രാവിലെ ആറു മണിയോടെ തീരത്തിന് നാലു നോട്ടിക്കൽ മൈൽ അടുത്തെത്തിച്ചു. അല്പസമയത്തിനകം പൈലറ്റ് തുഷാർ കനിത്കർ, ഓഷ്യൻ പ്രസ്റ്റീജ് എന്ന ടഗ്ഗിലെത്തി കപ്പലിൽ കയറി റഷ്യൻ ക്യാപ്റ്റൻ വോൾഡിമർ ബോണ്ട് ആരെങ്കോയിൽ നിന്ന് കപ്പലിന്റെ നിയന്ത്രണമേറ്റെടുക്കും. തുറമുഖത്തെ മൂന്ന് ടഗ്ഗുകൾ അനുഗമിക്കും.**

ട്രയൽ റൺ ഒരുക്കങ്ങൾ മന്ത്രി V.N വാസവൻ ഇന്നലെ വിലയിരുത്തി. കണ്ടെയ്നറുകൾ ഇറക്കി നാളെ വൈകിട്ടോടെ സാൻ ഫെർണാണ്ടോ തിരിച്ചുപോകും. മറ്റന്നാൾ മുതൽ ഫീഡർ വെസലുകൾ തുറമുഖത്ത് വന്നു തുടങ്ങും.

✪✪✪

യൂറോകപ്പ് ഫുട്ബോളിൽ നെതർലാൻഡ്സിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് കീഴടക്കി ഇംഗ്ലണ്ട് തുർച്ചയായ രണ്ടാം തവണയും കലാശപ്പോരാട്ടത്തിൽ പ്രവേശിച്ചു. ജർമനിയിലെ ഡോർട്ട്മുണ്ടിൽ രണ്ടാം സെമി ഫൈനൽ പോരാട്ടത്തിൽ നിശ്ചിത സമയം തീരാൻ സെക്കൻഡുകൾ മാത്രം ശേഷിക്കെയായിരന്നു ഇംഗ്ലണ്ടിന്റെ വിജയഗോൾ പിറന്നത്. ഇതോടെ യൂറോ കപ്പിൽ ആറു തവണ സെമിയിലെത്തിയ നെതർലാന്റ്സിന്റെ ഫൈനൽ സ്വപ്നങ്ങൾ ഇത്തവണയും തകർന്നു.

ഞായറാഴ്ച ഫൈനൽ മത്സരത്തിൽ സ്പെയിനുമായി ഇംഗ്ലണ്ട് ഏറ്റുമുട്ടും. ബെർലിനിൽ രാത്രി 12.30നാണ് മത്സരം.

✪✪✪

ഹരാരെയിൽ ട്വന്റി-20 ക്രിക്കറ്റ് മൂന്നാം മത്സരത്തിൽ ഇന്ത്യ സിംബാംബ്-വെ യെ 23 റൺസിന് തോൽപ്പിച്ചു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ രണ്ട്-ഒന്നിന് മുന്നിട്ടു നിൽക്കുകയാണ്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 182 റൺസെടുത്തു. തുടർന്ന് ബാറ്റിംഗിനിറങ്ങിയ സിംബാംബ്-വെ ആറ് വിക്കറ്റിന് 159 റൺസിന് പുറത്തായി. വാഷിംഗ്ടൺ സുന്ദർ മൂന്ന് വിക്കറ്റും, ആവേഷ്ഖാൻ രണ്ട് വിക്കറ്റും, ഖലീൽ അഹമ്മദ് ഒരു വിക്കറ്റുമെടുത്തു. ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ 49 പന്തിൽ നിന്ന് 66 റൺസെടുത്തു.

✪✪✪

സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സർവകാല റെക്കോഡിലാണെന്നും എന്നാൽ സർവെയർമാരുടെ കുറവ് റവന്യു വകുപ്പിനെ പ്രയാസത്തിലാക്കുന്നുണ്ടെന്നും മന്ത്രി K രാജൻ പറഞ്ഞു. ഇത് പരിഹരിക്കാൻ നടപടി എടുത്തുവരികയാണ്. തിരുവനന്തപുരത്ത് വിഷൻ-മിഷൻ 2021-26 കോഴിക്കോട് ജില്ലാ റവന്യു അസംബ്ലിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഗ്രീൻ ഫീൽഡ് ഹൈവെ, സംസ്ഥാന പാതകളുടെ വികസനം, തീരദേശ ഹൈവെ, മലയോര ഹൈവെ, ഇവയ്ക്കെല്ലാം ഭൂമി ഏറ്റെടുക്കൽ റവന്യു വകുപ്പാണ് നടത്തേണ്ടത്. ഇതിനു പുറമെ, ഡിജിറ്റൽ റീസർവെ, ഭൂമി തരംമാറ്റം, കിഫ്ബി പ്രവൃത്തികൾ തുടങ്ങിയ സുപ്രധാന പദ്ധതികൾക്കെല്ലാം സർവേയർമാർ ആവശ്യമാണ്.

പേരാമ്പ്രയിലെ ജാനകി വയൽ, ചക്കിട്ടപ്പാറ, ബാലുശേരിയിലെ പാറപ്പുറമ്പോക്ക് എന്നിവിടങ്ങളിലെ പട്ടയ വിതരണം ഗവൺമെന്റിന്റെ നൂറുദിന പദ്ധതിയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കേരളത്തിൽ പക്ഷിപ്പനി മൂലം നാശനഷ്ടമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിന് കേന്ദ്രമന്ത്രിയെ കാണാൻ മന്ത്രി J.ചിഞ്ചുറാണി തിങ്കളാഴ്ച ഡൽഹിയിലേക്ക് പോകും. പക്ഷിപ്പനിക്കെതിരെ കള്ളിങ് അല്ലാതെ രോഗ പകർച്ച തടയുന്നതിന് മറ്റെന്തെങ്കിലും മാർഗങ്ങൾ സ്വീകരിക്കാനാവുമോ എന്ന കാര്യവും കേന്ദ്രവുമായി മന്ത്രി ചർച്ച ചെയ്യും. പക്ഷിപ്പനിക്കെതിരെ വാക്സിനേഷൻ സാധ്യതയും പരിശോധിക്കണമെന്ന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന രോഗ ബാധിത ജില്ലകളിലെ MLA മാരുടെ യോഗം ആവശ്യപ്പെട്ടു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പക്ഷിപ്പനി വ്യാപകമായി പടർന്ന സാഹചര്യത്തിലായിരുന്നു യോഗം.

കാട വളർത്തൽ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം തുച്ഛമായതാണെന്നും അത് വർദ്ധിപ്പിക്കാൻ നടപടിയെടുക്കണമെന്നും MLA മാർ ആവശ്യപ്പെട്ടു. രോഗബാധിത പ്രദേശങ്ങളിലേക്ക് കൊണ്ട് വരുന്ന തീറ്റ പരിശോധിക്കാനും, മുട്ടയിലെ രോഗബാധ കണ്ടെത്താനും നടപടിയെടുക്കാനും അവർ ആവശ്യം ഉന്നയിച്ചു.

✪✪✪

മലപ്പുറം ചുങ്കത്തറ കാട്ടിച്ചിറയിൽ ഭിന്നശേഷിക്കാരനായ യുവാവിനെ മർദ്ദിച്ച കേസിൽ മൂന്ന് പ്രതികൾക്കെതിരെ പൊലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചു. ചുങ്കത്തറയിലെ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥി ജിബിൻ മോനെയാണ് ഇവർ മർദ്ദിച്ചത്. വൈദ്യുതി സ്കൂട്ടറിന്റെ ചാർജ് തീർന്നതിനെ തുടർന്ന് സമീപത്തെ വീട്ടിൽ ചാർജിംഗിനെത്തിയ യുവാവിനെയാണ് വീട്ടുടമയും ബന്ധുക്കളും ചേർന്ന് മർദ്ദിച്ചത്.

✪✪✪

വിദ്യാർത്ഥി സംഘർഷത്തെത്തുടർന്ന് തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് രണ്ടു ദിവസത്തേക്ക് അടച്ചു. ഇന്നലെ കോളേജിൽ അച്ചടക്ക സമിതി യോഗം ചേരുന്നതിനിടെയാണ് SFI- ABVP സംഘർഷമുണ്ടായത്.

✪✪✪

തിരൂർ സപ്ലൈക്കോ ഗോഡൗണിൽ നിന്ന് രണ്ട് കോടി 78 ലക്ഷം രൂപയുടെ റേഷൻ ധാന്യങ്ങൾ കാണാതായ സംഭവത്തിൽ പൊലീസ് അന്വേഷണം

ആരംഭിച്ചു. താലൂക്ക് സപ്ലൈ ഓഫീസിന് കീഴിലെ കടുങ്ങാത്തുകുണ്ട് ഗോഡൗണിൽ നിന്നാണ് റേഷനരിയും ഗോതമ്പും ആട്ടയും കാണാതായത്.

✪✪✪

മരിച്ച 32 പേർക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്ത സംഭവത്തിൽ അടൂർ നഗരസഭ സെക്രട്ടറിക്ക് നോട്ടീസ് ലഭിച്ചതിനു പിന്നാലെ പണം തിരികെപ്പിടിക്കാൻ തിരക്കിട്ട ശ്രമങ്ങൾ തുടങ്ങി. മരിച്ച 32 ഗുണഭോക്താക്കളുടെ പേര് പെൻഷൻ രജിസ്റ്ററിൽനിന്നു നീക്കിയിട്ടില്ലെന്നും ഇതിൽ നഗരസഭയ്ക്കു വീഴ്ച സംഭവിച്ചതായും ഓഡിറ്റ് വിഭാഗമാണ് കണ്ടെത്തിയത്.

നഷ്ടമായ തുക നഗരസഭ സെക്രട്ടറിയിൽനിന്ന് ഈടാക്കണമെന്നാണ് ഗവൺമെന്റ് ചട്ടം. വിശദീകരണം തേടി സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

✪✪✪

കൊങ്കൺ പാതയിലെ തുരങ്കത്തിൽ ചോർച്ചയുണ്ടായതിനെ തുടർന്ന് തുടർച്ചയായ രണ്ടാം ദിവസവും ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. തിരുവനന്തപുരം ലോകമാന്യ തിലക് നേത്രാവതി എക്സ്പ്രസ് ഉൾപ്പെടെ നാല് ട്രെയിനുകൾ റദ്ദാക്കി. മറ്റ് രണ്ട് ട്രെയിനുകൾ വഴിതിരിച്ചു വിട്ടു. മഹാരാഷ്ട്രയിലെ മദൂർ സ്റ്റേഷനും, ഗോവയിലെ പെർനേം സ്റ്റേഷനുമിടയിലെ തുരങ്കത്തിലാണ് ചോർച്ചയുണ്ടായത്. ഇതേ തുടർന്ന് റെയിൽപ്പാതയിൽ വെള്ളക്കെട്ടും രൂപപ്പെട്ടു.

✪✪✪

കണ്ണൂർ ഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച പുഷ്പോത്സവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. ശ്രവ്യ മാധ്യമ വിഭാഗത്തിൽ ആകാശവാണി കണ്ണൂർ നിലയത്തിനാണ് പുരസ്കാരം. മികച്ച റിപ്പോർട്ടിംഗിന് ആകാശവാണി ജില്ലാ പ്രതിനിധി K.O. ശശിധരനും, പ്രോഗ്രാം വിഭാഗത്തിലെ C. സീമയും അർഹരായി.

✪✪✪